(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണങ്ങളുടെയും ടൂറിസം മേഖലയിലും തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ പ്രശ്നങ്ങളും കണക്കിലെടുത്ത് 22-8-2014-ൽ പുറപ്പെടുവിച്ച അബ്കാരി നയത്തിൽ ആവശ്യമായ മാറ്റം വരുത്തികൊണ്ട് 31-3-2014-ൽ പ്രവർത്തിച്ചിരുന്ന ഹൈജീനിക് ആയിട്ടുള്ള ബാർ ഹോട്ടലുകൾക്ക് അവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് തൊഴിൽ നൽകണമെന്ന വ്യവസ്ഥയിൽ ബിയർ/വൈൻ പാർലർ ലൈസൻസുകൾ നൽകാൻ 20-12-2014-ലെ ജി.ഒ.(എംഎസ്.) 2005/2014/നി.വ. പ്രകാരം ഉത്തരവാകുകയും ഡ്രൈഡേ പിൻവലിക്കുകയും ബാർ പ്രവർത്തന സമയം വെട്ടികുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സർക്കാർ കൈക്കൊള്ളുന്ന എല്ലാ തീരുമാനങ്ങളും നടപടികളും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തോടും തീരുമാനത്തോടും കൂടി മാത്രമാണ് എടുത്തിട്ടുള്ളത്.

സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ

84 (89) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് മദ്യം, ബിയർ, വൈൻ തുടങ്ങിയവ വാങ്ങുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ മദ്യത്തിനും ബിയറിനും വൈനിനും ഏതെല്ലാം തീയതികളിൽ എത്ര ശതമാനം വീതം നിരക്ക് വർധന കമ്പനികൾക്ക് അനുവദിച്ച് കൊടുക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ മദ്യം, ബിയർ, വൈൻ തുടങ്ങിയവയുടെ ഇനത്തിൽ ഏതെല്ലാം നിലയിൽ എത്ര ശതമാനം തുക വീതം സർക്കാർ ഖജനാവിലേക്ക് ലഭിക്കുന്നുണ്ട്; ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന വിലയും ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന വിലയും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മദ്യം, ബിയർ, വൈൻ എന്നിവ വാങ്ങുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ 6% നിരക്കു വർദ്ധന മദ്യത്തിനു മാത്രമായി 2012 ആഗസ്റ്റ് മുതൽ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2013-14 കാലയളവിൽ മദ്യത്തിന്റെ വില്പന നികുതിയിനത്തിൽ 5493.11 കോടി രൂപയും ബിയർ, വൈൻ എന്നിവയുടെ വില്പന നികുതിയിനത്തിൽ 352.21 കോടി രൂപയും 2014-15 (ജനുവരി 2015 വരെ) കാലയളവിൽ മദ്യത്തിന്റെ വില്പന നികുതിയിനത്തിൽ 5238.84 കോടി രൂപയും ബിയർ, വൈൻ എന്നിവയുടെ വിൽപ്പന നികുതിയിനത്തിൽ 297.89 കോടി രൂപയും സർക്കാർ ഖജനാവിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന വിലയും ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന വിലയും അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

നീരയുടെ ഉൽപ്പാദനവും വിതരണവും

85 (90)ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. പി. എ. മാധവൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരയുടെ ഉൽപ്പാദനത്തിനും വിതരണത്തിനും എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) നീരയുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി നിയമങ്ങളിൽ മാറ്റം വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ;

(സി) നീരയുടെ ഉൽപ്പാദനവും വിതരണവും നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഭരണതലത്തിൽ സംവിധാനം ഒരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) 23-9-2013-ലെ ജി.ഒ.എം.എസ് 160/14/നി.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ രണ്ട് വീതം യൂണിറ്റുകൾക്കും മറ്റ് ജില്ലകളിൽ ഓരോ യൂണിറ്റുകൾക്കും നീര ഉൽപ്പാദിപ്പിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. 14-2-2014-ലെ ജി.ഒ.(പി) 27/2014/നി.വ. നമ്പർ ഉത്തരവ് പ്രകാരം ബോണഫൈഡ് ജാഗറി ഉൽപ്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly